ശേഖരിക്കുന്നതിനും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റസ്റ്റിക്സ് വകുപ്പ് മുഖേന ഒരു സമഗ്ര സർവ്വെ 2004 ഫെബ്രുവരി മാസം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നുണ്ട്. സർവെ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ബാലതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. കൂടാതെ ബാലതൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറുമായി ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫയർ സൊസൈറ്റി ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുണ്ട്. അപകട സാധ്യതയുള്ള സ്വഭാവത്തോടുകൂടിയതും നിയമം മൂലം നിരോധിച്ചതുമായ തൊഴിലുകളിലും പ്രവർത്തികളിലും നിന്ന് മോചിപ്പിച്ച കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ഒരു സംസ്ഥാന കൗൺസിൽ രൂപീകരിക്കുന്നതിന് വേണ്ടി ഒരു നിയമ നിർമ്മാണം കൊണ്ടുവരാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ബാലവേലയ്ക്കായി കുട്ടികളെ വ്യാപകമായി കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്.

(ഇ) മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ നിയമ വ്യവസ്ഥകൾ ലംഘിച്ച് ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. നിറുത്തലാക്കിയ ഡിപ്പോകൾ

*5 [95] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ നിലവിലുണ്ടായിരുന്ന ഡിപ്പോകൾ നിറുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഇത്തരത്തിൽ ഡിപ്പോകൾ പൂട്ടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ദേശസാൽക്കരിച്ച റൂട്ടുകളും സ്വകാര്യവൽക്കരിച്ച റൂട്ടുകളും ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഡിപ്പോകൾ യാതൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

(ബി) ഈ കാലയളവിൽ പുതുതായി ഒരു റൂട്ടും ദേശസാൽക്കരിക്കുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

റിസർവ്വ് ബാങ്കിന്റെ അനുമതിയില്ലാതെ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന ജില്ലാ ബാങ്കുകൾ

*6 [96] ശ്രീ. വി. ബാലറാം:

,, പി. ജെ. ജോയി:

,, ജോർജ് ജെ. മാത്യു:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ബിസിനസ്സ് നടത്തുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണോ; ആണെങ്കിൽ റിസർവ്വ് ബാങ്കിന്റെ അനുമതിയില്ലാതെ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന ഏതെങ്കിലും ജില്ലാ ബാങ്കുകൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; അവയ്ക്ക് ബാങ്കിംഗ് ബിസിനസ്സ് നടത്തുവാൻ റിസർവ്വ് ബാങ്ക് അനുമതി നൽകാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

ആവശ്യമാണ്. തിരുവനന്തപുരം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്ക് ലൈസൻസ് ലഭിച്ചിട്ടില്ല. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്നതിനുള്ള ലൈസൻസിന് റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് നബാർഡ് പരിശോധന നടത്തി റിസർവ്വ് ബാങ്കിന് ശുപാർശ ചെയ്യാത്തതുകൊണ്ടാണ് ഇക്കാര്യത്തിലുള്ള അനുമതി ലഭിക്കാത്തത്.